ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 15 | ലക്കം 1 | നവംബർ 2012 | പേജ് 4

പുതിയ വികാരിക്ക് ഇടവകയിലേക്ക് സ്വാഗതം



ഫാ. പി. കെ. കുറിയാക്കോസ് പണ്ടാരക്കുന്നേൽ

യാത്രാ മംഗളങ്ങൾ

ഫാ. എ. വി. വർഗീസ് ആറ്റുപുറം

ഇടവക അഭിമാനിക്കുന്നു ജോർജിയൻ അഭിനന്ദിക്കുന്നു

സഭാ മാനേജിംഗ് കമ്മിറ്റിയിലേക്കു തിരഞ്ഞെടുക്കപ്പെട്ട
രഞ്ജു കെ. മാത്യു

സഭാ മാനേജിംഗ് കമ്മിറ്റിയിലേക്കു നോമിനേറ്റ് ചെയ്യപ്പെട്ട
ഷാജി ഏബ്രഹാം

കോട്ടയം ഭദ്രാസന കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട
ബാബുക്കുട്ടി ഈപ്പൻ

യുവജനപ്രസ്ഥാനം പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ സമാപിച്ചു

കുഴിമറ്റം: സെന്റ് ജോർജ്ജ് ഓർത്ത ഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടികളുടെ സമാപനം കണ്ടനാട് ഭദ്രാസനാധിപൻ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 2012 നവംബർ 18-ന് ഉദ്ഘാടനം ചെയ്തു. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി യുവജനപ്രസ്ഥാനം നിർമ്മിച്ച ഭവനത്തിന്റെയും ഇടവക നിർമ്മിച്ചുനൽകിയ ഭവനത്തിന്റെ താക്കോൽദാനവും നിർവഹിച്ചു. കേരള ഓഡിറ്റ് ജനറൽ ബിജു ജേക്കബ് ഐ. എ. എസ്. മുഖ്യപ്രഭാഷണം നടത്തി. ഇന്നേദിവസം തന്നെ ഇടവകയുടെ പുതിയ ആർച്ച്, ചുറ്റുമതിൽ എന്നിവയുടെയും കൂദാശ നിർവഹിച്ചു. ഇടവകവികാരി ഫാ. എ. വി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനത്തിൽ ഇടവക ട്രസ്റ്റി പി. ഐ. സാബു ആശംസകൾ അർപ്പിച്ചു. പ്ലാറ്റിനം ജൂബിലി ആഘോഷകാലയളവിൽ വിശാൽ അലക്സ്, സജിൻ പി. സാജൻ, റോജി. പി. റോയി എന്നിവർ സെക്രട്ടറിമാരായും, സി. ആർ.ഗീവർഗീസ്, അരുൺ മർക്കോസ് എന്നിവർ കൺവീനർമാരായും പ്രവർത്തിച്ചു.

കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമം നവംബർ 25-ന് എറണാകുളത്ത്

ദലൈലാമാ, ഡോ. എ. പി. ജെ. അബ്ദുൾ കലാം എന്നിവർ പങ്കെടുക്കുന്നു

കൊച്ചി: കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമം നവംബർ 25-ന് 3 മണിക്ക് മറൈൻഡ്രൈവിൽ ടിബറ്റൻ ആത്മീയാചാര്യൻ ദലൈലാമ ഉദ്ഘാടനം ചെയ്യും. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിക്കും.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി സ്മരണികപ്രകാശനം ചെയ്യും. മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാം പ്രസംഗിക്കും. ശതാബ്ദി ആഘോഷങ്ങൾക്ക് അത്മായട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ്, വൈദികട്രസ്റ്റി ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് എന്നിവർ നേതൃത്വം നൽകും.



സമ്മേളനവേദിയായ 'ബസ്സേലിയോസ് മാർത്തോമ്മാ നഗറിൽ' (മറൈൻ ഡ്രൈവ്) ഉയർത്തുവാനുള്ള സഭാ പതാക പാമ്പാക്കുട കൊച്ചു പള്ളിയിൽ നിന്നും കൊടിമരം പുതുപ്പള്ളി പള്ളിയിൽനിന്നും ഘോഷയാത്രയായാണ് സമ്മേളനവേദിയിലെത്തിച്ചത്. പതാക ഘോഷയാത്രയ്ക്ക് അത്മായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റും കൊടി മരം ഘോഷയാത്രയ്ക്ക് വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും നേതൃത്വം നൽകി.

കാതോലിക്കേറ്റ് ശതാബ്ദി സ്മാരക പ്രവേശനകവാടം കൂദാശ ചെയ്തു

കുഴിമറ്റം: സെന്റ് ജോർജ് ഓർത്ത ഡോക്സ് പള്ളിയുടെ പരുമല തിരുമേനിയിടെ നാമധേത്തിലുള്ള കുരിശിൻതൊട്ടിക്ക് സമീപം പുതുതായി പണികഴിപ്പിച്ച പ്രവേശനകവാടത്തിന്റെയും ചുറ്റുമതിലിന്റെയും കൂദാശ നവംബർ 18-ന് കണ്ടനാട് ഭദ്രാസനാധിപൻ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്തു. പരിശുദ്ധ കാതോലിക്കാബാവായുടെ കൽപന പ്രകാരം പ്രവേശനകവാടത്തിന് കാതോലിക്കേറ്റ് ശതാബ്ദി സ്മാരകമായി ഇടവക പൊതുയോഗം പേരിട്ടു.

കാതോലിക്കേറ്റ് ശതാബ്ദി നസ്രാണി സംഗമത്തിന് യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ

ജോർജിയൻ

നവംബർ 2012

പുസ്തകം 15 ലക്കം 1

എഡിറ്റോറിയൽ

നയിച്ചവർക്കും സഹായിച്ചവർക്കും

കർത്തൃശിഷ്യനായ വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭയുടെ 1960-ാമത് വാർഷികവും കാതോലിക്കേറ്റിന്റെ ശതാബ്ദിയും ആഘോഷിക്കുകയാണല്ലോ. പ. സഭയെ വൈദേശിക ആക്രമണങ്ങളിൽ നിന്നും നേരിട്ട പ്രതിസന്ധികളിലും തളരാതെ ധീരതയോടെ നയിച്ച എല്ലാ അയ്മേനികളെയും, വൈദികവൃന്ദത്തെയും മേല്പട്ടസ്ഥാനികളെയും ഈ സമയം ഓർക്കുന്നു.

21-ാം നൂറ്റാണ്ട് സഭയ്ക്കും രാജ്യത്തിനും വളരെയേറെ പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടമാണ്, ഇതിൽ സഭാതർക്കമാണ് പ്രധാനം; മാർത്തോമ്മാശ്ലീഹാ കാണിച്ച് തന്ന ക്രൈസ്തവ ദർശനങ്ങളെ സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കി ഇതര സമൂഹത്തിന് മാതൃകയാകേണ്ട നമ്മൾ സ്വത്ത് തർക്കത്തിന്റെ പേരിൽ മൃതശരീരങ്ങൾ വച്ചു പോലും വിലപേശുന്ന തരത്തിലേക്ക് തരംതാഴ്ത്തപ്പെട്ട് പോയിരിക്കുന്ന ഈ അവസ്ഥ മാറിയേതീരൂ. കോടതി അംഗീകരിച്ച മദ്ധ്യസ്ഥരെയും മദ്ധ്യസ്ഥ ഗ്രാമങ്ങളെയും അംഗീകരിക്കാത്ത വിഘടിത വിഭാഗം ഇനിയും സമൂഹത്തിൽ നിന്ന് ഒരു മദ്ധ്യസ്ഥ ശ്രമം ഉണ്ടായാൽ അതംഗീകരിക്കും എന്ന് പറയുന്നതിലെ പൊള്ളത്തരം നമ്മൾ മനസ്സിലാക്കേണ്ടതാണ്.

അക്രമ രാഷ്ട്രീയ സമരങ്ങളും, കൊലപാതകങ്ങളും ഏറിവരുന്നത് നമ്മുടെ യുവത്വം ലഹരികൾക്ക് അടിമപ്പെട്ട് ചിന്താശക്തി നഷ്ടപ്പെട്ട്, അധമ ചിന്താഗതികൾക്ക് വശംവദരായതിനാലാണ്. പാൻമസാല നിരോധിക്കാൻ ആർജവം കാണിച്ച സർക്കാർ മറ്റ് ലഹരി വസ്തുക്കൾ കൂടി നിരോധിക്കുവാൻ തയ്യാറാകണം. സഭാതലത്തിൽ ലഹരി വസ്തുക്കൾക്കെതിരെ നടത്തുന്ന ബോധവൽക്കരണ പരിപാടികൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ സമാപിച്ചിരിക്കുകയാണ്. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി ഇടവകയിലെ നിർദ്ധനരായ ഒരു കുടുംബത്തിന് ഭവനം നിർമ്മിച്ചു നൽകുവാൻ സാധിച്ചത് അഭിമാനകരമാണ്. ജൂബിലി വർഷത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തലുകൾ നടത്തുമ്പോൾ പ്രസ്ഥാനവും ഇടവകയും പ്രവർത്തന പന്ഥാവുകളിൽ ആരാധനയിലും പഠനത്തിലും സേവനത്തിലും എത്രമാത്രം മുമ്പോട്ടു പോയിയെന്ന് ചിന്തിക്കേണ്ടതാണ്. പ്ലാറ്റിനം ജൂബിലി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെ അനുമോദിക്കുന്നതോടൊപ്പം സഹായിച്ച സുമനസുകൾക്ക് ഒരായിരം നന്ദി. പ്രസ്ഥാനത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് ജോർജിയൻ ഇടവകയ്ക്കായി സമർപ്പിക്കുന്നു.

ജസ്റ്റിൻ പി. അനിൽ
(എഡിറ്റർ)

ഒരു നിമിഷം

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ, ജോർജിയൻ,
സെന്റ് ജോർജ് ഓർത്ത ഡോക്സ് ചർച്ച്, കുഴിമറ്റം
പി. ഒ. കോട്ടയം
പിൻ: 686 533

ലേഖനം

കാതോലിക്കേറ്റ് ശതാബ്ദി ചിന്തകൾ

ഫാ. എ. വി. വർഗീസ് ആറ്റുപുറം (വികാരി)

എ.ഡി. 52-ൽ പ. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ ഏറെ താമസിയാതെ തന്നെ പല വിദേശ അധിനിവേശ ശക്തികൾക്കും കീഴ്പ്പെട്ടു. മലങ്കരയിലെ വളക്കൂറുള്ള മണ്ണ് ആരെയും ആകർഷിക്കുന്നതായിരുന്നുവെന്ന് മാത്രമല്ല, ആരെയും സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന നല്ല ഒരു പാരമ്പര്യം മലങ്കരയിലെ സഭാപിതാക്കന്മാർക്കുണ്ടായിരുന്നു. ആ ശ്രേഷ്ഠ പാരമ്പര്യം അന്നും ഇന്നും നാം പുലർത്തിപ്പോരുന്നുമുണ്ട്.

സഭാകേന്ദ്രങ്ങളുടെ വളർച്ചയുടെ വിവിധ പടവുകളിൽ റോമിലും, അലക്സാന്ദ്രിയായിലും, അന്ത്യോഖ്യായിലും പാത്രിയർക്കേറ്റുകൾ (ദേശീയസഭാ നേതൃത്വം) രൂപം കൊണ്ടപ്പോൾ അർമ്മീനിയായിലും, പേർഷ്യയിലും, ജോർജ്ജിയായിലും കാതോലിക്കേറ്റുകൾ (പൊതുസഭാനേതൃത്വം) രൂപം കൊണ്ടു. 'ഫലം കായ്ക്കുക' വർദ്ധിപ്പിക്കുക തുടങ്ങിയ അർത്ഥമുള്ള മഫ്രിയാനേറ്റ് എന്ന സ്ഥാനവും അന്ത്യോഖ്യൻ പാരമ്പര്യത്തിൽ നിന്നും ഉളവായ സ്ഥാനമാണ്.

എ.ഡി. 345-മുതൽ അർക്കദിയാക്കോൻമാരും, 17-ാം നൂറ്റാണ്ടുമുതൽ മാർത്തോമ്മാ മെത്രാൻമാരും മലങ്കരയിൽ ഭരണം നിർവഹിച്ചു. 1653-ലെ കൂനൻകുരിശുസത്യമാണ് മാർത്തോമ്മാമെത്രാൻസ്ഥാനം മലങ്കരയിൽ ഉടലെടുക്കുവാൻ അടിസ്ഥാനകാരണം.



1836-ലെ മാവേലിക്കര പടിയോല സി. എം. എസ് മിഷനറിമാരുമായുള്ള സഭയുടെ ബന്ധം വിച്ഛേദിച്ചു. 1876-ൽ മുളന്തുരുത്തി സുന്നഹദോസ് മാർത്തോമ്മായുടെ ഉറവിടത്തിന് കാരണമായി. ഈ സന്ദർഭങ്ങളിലെല്ലാം അന്ത്യാഖ്യൻ അധിനിവേശം സഭയിലുണ്ടാവുകയും പ. വട്ടശ്ശേരിൽ തിരുമേനി അബ്ദൽ മിശിഹാ പാത്രിയർക്കീസിനെ ആശ്രയിച്ച് 1912-ൽ മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ 1-ാം കാതോലിക്കായായി മലങ്കരയിൽ വാഴിച്ചു.

അധിനിവേശ ശക്തികൾക്കെതിരെ പ. വട്ടശ്ശേരിൽ തിരുമേനി എടുത്ത ധീരമായ നിലപാടുകളാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിനു പ്രധാനകാരണം. കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷവേളയിൽ സഭയോടുള്ള കൂറും ഭക്തിയും ഉറക്കെ പ്രഖ്യാപിക്കുവാൻ നമുക്കു സംഗതിയാകട്ടെ.

കവിത

പിൻവിളി

"വെറുതെ പഴകിയ ഓർമ്മകൾ തൻ
മുറി കെട്ടുവാൻ നോക്കാതിങ്ങോട്ടു പോരൂവേഗം
നഷ്ടനേട്ടങ്ങൾ നീ തെറ്റുപറ്റാതെ കൂട്ടിയിട്ട
പുസ്തക താളുകൾ എവിടേക്ക് പോയ് മറഞ്ഞു
നീ ഭൂമി തൻ സന്ദർശകൻ മാത്രമല്ലോ
ഞാൻ - കാൽവെക്കുന്നടത്തുയരും
പൊടി മാത്രമല്ലയോ..."
ഇതു ഈശ്വരൻ - ജരാനരകൾക്കുമപ്പുറം
പ്രകാശവലയത്തെ ചൈതന്യമായ്
പേർ ചോല്ലിയോൻ
കാലമാം പാപത്തിൻ കുരിശും -
ചുമന്ന് മല കയറേണ്ടി വന്നവൻ - പീഠിതൻ.
ഈശ്വരൻ സമക്ഷം,
കണ്ണുനീർ ചാലും വേലിയും കടന്നാ -
പൂനിലാപ്പുഴ നീന്തി ആകാശ -
സാനുവിൽ പറന്നെത്തി
നുറു നൂറ് അരിമുല്ലകളോടൊത്ത് ചാഞ്ചാടി ....നീ
സത്യസൗന്ദര്യ ഗോപുരമാം
സ്വർഗത്തിൻ വാതിൽ നിനക്കായി
മലർക്കെ തുറക്കുവാൻ കരുതുക മനസിൽ
നന്മയാം സത്യത്തിൻ ഒരുപിടി കണിമലരുകൾ.

ജിത്തു വർഗീസ് എരുമത്താനം.

മാർ പക്കോമിയോസ് നീതിയുടെ കിരീടത്തിങ്കലേക്ക്

ബാബുക്കുട്ടി ഈപ്പൻ, മാമ്മൂട്ടിൽ

അനുസ്മരണം

കുറിച്ചിബാവായുടെ കുടുംബമായ കോലത്ത് കളത്തിൽ നെയ്ത്ശ്ശേരിൽ കെ. കെ. ജോണിന്റെയും മറിയാമ്മയുടെയും മകനായി ജോൺ ഏബ്രഹാം എന്ന പൗലൂസ് ജനിച്ചു.

ചങ്ങനാശ്ശേരി എസ്. ബി. കോളജിലെ പഠനത്തിന് ശേഷം വിദേശത്ത് പഠനത്തിന് ചേർന്ന സമയത്താണ് ടൈഫോയിഡ് രോഗത്താൽ പഠനം മുടങ്ങിയത്.

അക്കാലത്ത് തന്റെ ഗുരുവും ജേഷ്ഠന്റെ പ്രിയ സുഹൃത്തുമായിരുന്ന ബഥനി സുപ്പീരിയർ ഫാ. യൂഹാനോനുമായുള്ള അടുപ്പത്തിൽ ബഥനി ആശ്രമത്തിൽ അംഗമാവാൻ തിരുമേനിക്ക് സാധിച്ചു. തുടർന്ന് സന്ധ്യാനമസ്കാരത്തിലും പ്രാർത്ഥനയിലും റാന്നി ബഥനി ആശ്രമത്തിൽ അംഗമായി.

പിന്നീട് ഇംഗ്ലണ്ടിലെ ഉപരിപഠനത്തിന് ശേഷം പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും ശെമ്മാശുപട്ടവും മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്ന് കശ്ശീശാപട്ടവും സ്വീകരിച്ചു. ഫാദർ പൗലൂസ് എന്ന പേരിൽ മലങ്കര സഭയിൽ അറിയപ്പെട്ട അദ്ദേഹം പ്രസിദ്ധനായ ധ്യാനഗുരു ആയിരുന്നു.

അദ്ദേഹം കുഴിമറ്റം ബഥനി ആശ്രമത്തിൽ റമ്പാനായിരുന്ന കാലം കുഴിമറ്റം ഇടവകയും കുറിച്ചി ഇടവകയായും കുറിച്ചി ഇടവക അംഗങ്ങളുമായി നല്ല സ്നേഹബന്ധം പുലർത്തിയിരുന്നു.



1993-ൽ പൗലൂസ് റമ്പാൻ ദൈവീക വിളിയാൽ മെത്രാൻസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. തുടർന്ന് ഇടുക്കി അങ്കമാലി ഭദ്രാസനങ്ങളിൽ സഹായമെത്രാനായും പിന്നീട് മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും ആയി.

മർത്തമറിയം സമാജം പ്രസിഡന്റ്, കാതോലിക്കേറ്റ് എം. ഡി. സ്കൂൾ മാനേജർ എന്നീ നിലകളിൽ സഭയ്ക്കായി പ്രവർത്തിച്ചു.

രോഗാതുരനായ തിരുമേനി സാധാരണ രീതിയിൽ ചെക്കപ്പിനായി ആശുപത്രിയിൽ എത്തിയപ്പോഴാണ് തിരുമേനിയുടെ ആരോഗ്യനില അപകടകരമാണെന്ന് മനസ്സിലാക്കിയത്. അങ്ങനെയിരിക്കെയാണ് തിരുമേനി തന്റെ അന്ത്യകല്പന സഭാംഗങ്ങൾക്ക് എഴുതിയത്. "ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി കരുതി വച്ചിരിക്കുന്നു."

അന്ത്യകല്പനയിൽ എന്റെ ഏതെങ്കിലും ഇടപെടലുകൾ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ വാത്സല്യമക്കളേ ദൈവനാമത്തിൽ ബലഹീനനായ എന്നോട് ക്ഷമിക്കണം. നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ഗണത്തിൽ എന്നെ ഉടയവൻ വിളിച്ചുചേർക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്റെ പ്രാർത്ഥനയിൽ ഞാൻ നിങ്ങളെയും ഓർക്കുന്നു. നമ്മുടെ കർത്താവിന്റെ രണ്ടാം വരവിൽ നാഥനോടൊന്നിച്ച് മുഖപ്രസന്നതയോടെ കണ്ട് ആനന്ദിക്കുവാൻ ബലഹീനനായ എന്നെയും സർവ്വശക്തൻ ഇടയാക്കട്ടെ എന്ന് തിരുമേനി തന്റെ രോഗാവസ്ഥയിൽ വാത്സല്യ മക്കളെ അറിയിച്ചു.

തന്റെ ആത്മീയ ഗുരുവായിരുന്ന റാന്നി ബഥനി ആശ്രമത്തിലെ യൂഹാനോൻ മാർ അത്താനിയോസ് തിരുമേനിയുടെ കബറിനരികിൽ മുന്നവേ പണി കഴിപ്പിച്ചിരുന്ന കബറിൽ ബഥനിയിലെ സന്യാസസഹോദരൻ അന്ത്യ വിശ്രമം കൊണ്ടു.

അഭിവന്ദ്യ തിരുമേനിയുടെ ആത്മാവിന് നിത്യശാന്തി നേരുകയും, ഇമ്പങ്ങളുടെ പറുദീസായിൽ കർത്തൻ ചേർത്തുകൊള്ളട്ടെ എന്ന് പ്രാർത്ഥിക്കുന്നതിനോടൊപ്പം കുഴിമറ്റം പള്ളിയുടെയും യുവജനപ്രസ്ഥാനത്തിന്റെയും ആദരാജ്ഞലികൾ സമർപ്പിക്കുന്നു.

ചിത്രവേദി



ഷാരോൺ സോണി വല്യവീട്ടിൽ

വാർത്തകൾ

പത്താം ക്ലാസ്സിൽ അജുവും പിങ്കിയും പ്ലസ് ടു വിൽ അന്റുവും ഒന്നാമത്

കുഴിമറ്റം: ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി പരീക്ഷയിൽ പത്താംക്ലാസിൽ അജു അലക്സും പിങ്കി. പി. അനിലും, പ്ലസ് ടുവിൽ അന്റു അന്നാ റോയിയും ഇട വകയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി ഒന്നാമതെത്തി.

മാമ്മൂട്ടിൽ സോജു ജോർജിന്റെ മകനായ അജു അലക്സും പട്ടശ്ശേരിൽ പുത്തൻപുര യിൽ പരേതനായ അനിൽ വർഗ്ഗീസിന്റെ മക ളായ പിങ്കി . പി. അനിലും എല്ലാ വിഷയ ങ്ങളിലും എ പ്ലസ് (95%) നേടിയാണ് ഇടവ കയിൽ പത്താം ക്ലാസ്സിൽ ഒന്നാമത് എത്തി യത്.

എരുമത്താനത്ത് എ. എം. മാത്യുവിന്റെ മക നായ മിന്റു മാത്യു (91%) രണ്ടാം സ്ഥാനവും കൊച്ചുപറമ്പിൽ കെ. സി. രാജു വിന്റെ മകനായ റിജോ. കെ. രാജു (86%) മൂന്നാം സ്ഥാനവും നേടി.

പ്ലസ് ടു പരീക്ഷയിൽ കൊച്ചുപറമ്പിൽ അന്നമ്മ വർഗീസിന്റെ മകളായ അന്റു അന്നാ റോയി 93.33% മാർക്ക് വാങ്ങിയാണ് ഇടവക യിൽ ഒന്നാം സ്ഥാനം നേടിയത്. പാറപ്പറ മ്പിൽ പി. ഡി. ചാക്കോയുടെ മകളായ ജീതു

അജു അലക്സ്

പിങ്കി പി. അനിൽ

അന്റു അന്ന റോയി

സൂസൻ ചാക്കോ (90%) ഇടവകയിൽ രണ്ടാം സ്ഥാനവും പാലമൂട്ടിൽ ബോബൻ. പി. ഏബ്ര ഹാമിന്റെ മകളായ മേബിൾ സൂസൻ ബോബൻ (86.6%) ഇടവകയിൽ മൂന്നാം സ്ഥാനവും നേടി.

ഡിഗ്രി പരീക്ഷയിൽ ബി. കോമിന് പാട്ട ത്തിൽ ബാബു കുര്യന്റെ മകളായ റൈബി ആൻ കുര്യൻ 85.5% നേടി ഇടവകയിൽ ഒന്നാം സ്ഥാനവും തുണ്ടിപ്പറമ്പിൽ സ്കറിയായുടെ മകളായ സിജി സ്കറിയാ 67.75% നേടി ഇടവ കയിൽ രണ്ടാം സ്ഥാനവും നേടി. ബി. എ. ഇംഗ്ലീഷ് പരീക്ഷയിൽ മഠത്തിറമ്പിൽ ഷാജി കുരുവിളയുടെ മകനായ ക്രിസ്റ്റി കുരുവിള 82.25% നേടി ഇടവകയിൽ ഒന്നാം സ്ഥാനവും കൊട്ടുപ്പള്ളിൽ കെ. സി. ആൻഡ്രൂസിന്റെ മക ളായ ശ്രേയ സൈറാ ആൻഡ്രൂസ് ഇടവകയിൽ രണ്ടാം സ്ഥാനവും നേടി. ബി. എസ് സി (ക ണക്ക്) പരീഷയിൽ എരുമത്താനത്ത് തോമസ് അന്ത്രയോസിന്റെ മകളായ അനീറ്റാ. ഇ. തോമസ് 76% മാർക്കു വാങ്ങി ഇടവകയിൽ ഒന്നാം സ്ഥാനം നേടി. ബി.ടെക് പരീക്ഷയിൽ മോടിശ്ശേരി വല്യത്തിൽ അലക്സ് ഡബ്ലു.തോമസിന്റെ മകളായ ശില്പ അലക്സ് 81% മാർക്ക് വാങ്ങി ഇടവകയിൽ ഒന്നാം സ്ഥാനം നേടി.

പി. ജി. വിഭാഗത്തിൽ കാരാണിക്കുളത്ത് റോബി ഏബ്രഹാമിന്റെ മകളായ ലോയിസ് അന്നാ റോബി എം. എ ലിറ്ററേച്ചറിന് 66% മാർക്ക് വാങ്ങി ഇടവകയിൽ ഒന്നാം സ്ഥാനം നേടി.

മറ്റു സമ്മാനാർഹർ: 10-ാം ക്ലാസ്സിൽ: കുള ങ്കരയിൽ മീനു. കെ. സണ്ണി (80%), കൊട്ടുപ്പ ള്ളിൽ ഏയ്ഞ്ചൽ മറിയം സാബു (80%), പുലിപ്രയിൽ റിച്ചു. പി. റെജി (78%), കൊട്ടു പ്പള്ളിൽ അബിതാ ജോർജ് (71%), പട്ടശ്ശേരിൽ സജിതാ. പി. സാജൻ (71%), നീലഞ്ചിറയിൽ റോഷിൻ ഫിലിപ്പ് (66%), പട്ടശ്ശേരിൽ പള്ളി ത്താഴെ ഷെറിൻ വർഗീസ് (60%).

പ്ലസ് ടു: പുകടിയിൽ ഷെറിൻ ജോൺ (84%), എരുമത്താനത്ത് ആൻസി മാത്യു (83.33%), ചേലച്ചിറ ചിറപ്പുറത്ത് സജിൻ. സി. ജോൺ (78.33%), തെക്കേമറ്റത്ത് റോബിൻ മാണി ബെന്നി (75%), പാടാച്ചിറയിൽ ശ്വേത ഏലിസബേത്ത് ജോസഫ് (68.2%), പാറപ്പറ മ്പിൽ റോജി. പി. റോയി (65%).

വിജയികൾക്കുള്ള സമ്മാനം 2012 നവം ബർ 18-ന് കണ്ടനാട് ഭദ്രാസനാധിപൻ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോ ലീത്താ വിതരണം ചെയ്തു.

യുവജനവാരാഘോഷം

കുഴിമറ്റം : സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യ ത്തിൽ 2012 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 2 വരെ യുവജനവാരമായി ആഘോഷിച്ചു. യൂണിറ്റ് പ്രസിഡന്റ് ഫാ. എ. വി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യുവ ജനപ്രസ്ഥാനം മുൻ ഭദ്രാസന സെക്രട്ടറി കെ. ജെ. ഏബ്രഹാം യുവജനവാരം ഉദ്ഘാടനം ചെയ്തു. അത്തപ്പൂക്കളമൊരുക്കൽ, കുടുംബാരാധനയോഗം, വിനോദമേള, കലാകായികമത്സ രങ്ങൾ, ബഥനി ആശ്രമത്തിൽ ഉത്രാടസന്ധ്യ, പാമ്പാടി ബാലഭവൻ-കുഴിമറ്റം ബഥനി പ്രത്യാ ശഭവൻ സന്ദർശനങ്ങൾ, ഭവനസന്ദർശനം, വ്യക്തിത്വവികസനക്ലാസ്സ്, ഡിസ്ട്രിക്റ്റ് യുവജനസമ്മേളനം എന്നിവ നടത്തി. ഫാ. എ. വി. വർഗീസിന്റെ ഭവനത്തിൽ നടത്തപ്പെട്ട കുടുംബാരാധനായോഗത്തിൽ യുവജനപ്രസ്ഥാനം മുൻ ഭദ്രാസനസെക്രട്ടറി സാം വർഗീസ് വചനപ്രഭാഷണം നിർവഹിച്ചു. ബഥനിയിൽ നടത്തിയ ഉത്രാടസന്ധ്യ വെരി. റവ. ജോസഫ് റമ്പാൻ ഉദ്ഘാടനം ചെയ്യുകയും സഭാ മാനേജിംഗ് കമ്മറ്റി അംഗം രഞ്ജു. കെ. മാത്യു, സഭാ ഭദ്രാസനകൗൺസിൽ അംഗം ബാബുക്കുട്ടി ഇട്ടപ്പൻ എന്നിവർ പ്രസംഗിച്ചു. വ്യക്തിത്വ വികസനക്ലാസ്സ് മാർത്തോമ്മാ യുവജനസമാജം ഭദ്രാസനസെക്രട്ടറി അരുൺ വർഗീസ് നേതൃത്വം നൽകി.

പ്രകൃതി പഠനയാത്ര

കുഴിമറ്റം: സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 23 -ന് വാഗമണിലേക്ക് പ്രകൃതി പഠന യാത്ര നടത്തി. റോഷിൻ ഫിലിപ്പ് കൺവീനറായി പ്രവർ ത്തിച്ചു.

സക്കീർ ഹുസൈനും എൻ.എസ്.എസും ജേതാക്കൾ

കുഴിമറ്റം: സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ കലാസാഹിത്യവേദിയുടെ ആഭി മുഖ്യത്തിൽ നടത്തിവരുന്ന നിറക്കൂട്ട് ചിത്രരചനാമത്സരം ജൂലൈ 14-ാം തീയതി നടത്തി. 13-ാമത് നിറക്കൂട്ട് ചിത്രരചനാമത്സരത്തിൽ 786 കുട്ടികൾ പങ്കെടുത്തു. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂളിന് ഉള്ള എവറോളിംഗ് ട്രോഫി ചങ്ങനാശ്ശേരി സക്കീർ ഹുസൈൻ സ്ക്കൂളും, ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുള്ള എവർറോളിംഗ് ട്രോഫി കുഴിമറ്റം എൻ.എസ്. എസ്. സ്ക്കൂളും കരസ്ഥമാക്കി. വിജയികൾക്കുള്ള സമ്മാനദാനം നവം ബർ 18-ന് കണ്ടനാട് ഭദ്രാസനാധിപൻ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. അജിത്ത് മർക്കോസ് കൺവീനറായി പ്രവർത്തിച്ചു.

ജോസഫ് റമ്പാച്ചന്റെ ജന്മദിനാഘോഷം

കുഴിമറ്റം: വെരി. റവ. ജോസഫ് റമ്പാച്ചന്റെ 78-ാം മത് ജന്മദിനാഘോഷം യുവജനപ്ര സ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തി. ആഭ്യന്തരവകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഫാ. എ. വി വർഗീസ്, റോജി പി. റോയി എന്നിവർ പ്രസംഗിച്ചു.

സ്വാതന്ത്ര്യദിനാഘോഷം

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ സ്വാതന്ത്ര്യദിനാഘോഷം ഓഗസ്റ്റ് 15-ന് ഇമ്മാനുവൽ ചിൽഡ്രൻസ് ഹോം കുട്ടികളോടൊപ്പം ആഘോഷിച്ചു.

ഇടവക ഒരു കുടുംബം: ഭവന നിർമ്മാണ പദ്ധതി



കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായിട്ട് പാച്ചിറയിൽ വർഗീസ് ഫീലിപ്പോസിനും കുടുംബത്തിനും നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ കൂദാശ സെപ്റ്റംബർ 16-ന് മാത്യൂസ് മാർ ബർന്നബ്ബാസ് മെത്രാപ്പോലീത്തായുടെയും വികാരി ഫാ. എ. വി. വർഗീസിന്റെയും കാർമ്മികത്വത്തിൽ നടത്തി. കണ്ടനാട് ഭദ്രാസനാധിപൻ മാത്യൂസ് മാർ സേവേറിയോസ് മെത്രാ പ്പോലീത്താ നവംബർ 18-ന് താക്കോൽദാനം നിർവ്വഹിച്ചു.2.23 ലക്ഷം രൂപയ്ക്ക് നിർമ്മിച്ച ഈ ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫാ. എ. വി.വർഗീസ് ചെയർമാനും അരുൺ മർക്കോസ് കൺവീനറായും ജോബി. പി. ചെറിയാൻ ജോയിന്റ് കൺവീനറായും സേവനമ നുഷ്ഠിച്ചു.

ഷാർജ ഓർത്തഡോക്സ് പള്ളിയും നമ്മുടെ പള്ളിയും സംയുക്തമായി ചാലുവേലിൽ സി. സി. അനിലിനും കുടുംബത്തിനും നിർമ്മിച്ച് നൽകിയ ഭവനം. ഭവനത്തിന്റെ കൂദാശ സെപ്റ്റംബർ 16-ന് വികാരി ഫാ. എ. വി. വർഗീസിന്റെ കാർമ്മികത്വത്തിൽ നടത്തി. കണ്ട നാട് ഭദ്രാസനാധിപൻ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നവംബർ 18-ന് താക്കോൽ ദാനം നിർവഹിച്ചു. 4.18 ലക്ഷം രൂപയ്ക്ക് നിർമ്മിച്ച ഈ ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫാ. എ. വി. വർഗീസ് ചെയർമാനും അജിത്ത് മാത്യു കൺവീനറായും, പി. ഐ. സാബു, സോണി. പി. കുര്യൻ, കുരുവിള വർഗീസ്, പ്രദീപ്. പി. ഏലിയാസ് എന്നി വർ കമ്മറ്റിയംഗങ്ങളായും സേവനമനുഷ്ഠിച്ചു.

യുവജനപ്രസ്ഥാനത്തിന്റെ നേതൃനിര

ഫാ. എ. വി. വർഗീസ് (പ്രസിഡണ്ട്)

സജിൻ പി. സാജൻ (വൈസ് പ്രസിഡണ്ട്)

റോജി പി. റോയി (സെക്രട്ടറി)

റോബിൻ മാണി ബെന്നി (ജോ. സെക്രട്ടറി)

റോഷിൻ ഫിലിപ്പ് (ജോ. സെക്രട്ടറി)

മഞ്ഞുപൊഴിയുന്ന വസന്തരാവിൽ...
വിശുദ്ധിയുടെ പൂനിലാവായി...
ആർത്തിരമ്പുന്ന തിരമാലകൾ പോലെ...
ഹൃദയസ്പന്ദനം തൊട്ടറിയുന്ന ഒരു കലാവിരുന്ന്...
യുവജനപ്രസ്ഥാനം ജോർജിയൻ കലാസാഹിത്യവേദി
നിങ്ങൾക്കായി ഒരുക്കുന്നു

ഹെവൻലി നൈറ്റ് 2012

ക്രിസ്തുമസ് - പുതുവത്സര പരിപാടി

2012 ഡിസംബർ 27 വ്യാഴം വൈകിട്ട് 6.30 മുതൽ
കുഴിമറ്റം പള്ളി പാരീഷ് ഹാളിൽ

നവദമ്പതികൾക്ക് ആശംസകൾ

പാറപ്പറമ്പിൽ റജി പി. കുറിയാക്കോസും മേബിളും

തയ്യിൽ റിയ ബാബുവും റിനുവും



കൊച്ചുപറമ്പിൽ മനോജ് മാത്യുവും ബെറ്റിയും

പട്ടശ്ശേരിൽ പ്രദീപ് പി. ഏലിയാസും സുമിയും

വാഴച്ചിറ ഷിജോ ഏബ്രഹാമും സ്നേഹയും

പാലമൂട്ടിൽ ഫെബിൻ ആൻഡ്രൂസ് ജോണും ചിന്നുവും

പാടാച്ചിറയിൽ ഷിബിൻ ഏബ്രഹാമും രാഖിയും

Printed and Published by Fr. A. V. Varghese, President St. George Youth Movement, Kuzhimattom. Editor: Justin P. Anil, Pattasseril, Kuzhimattom P. O. Mob: 9495809035
Printed at Sophia Print House, Thekkenada, Kottayam 99471 20697